Reg. No. : ..................................

Name : ......................................

**III Semester M.A. Degree (C.B.C.S.S.-OBE – Regular)**
**Examination, October 2024**
**(2023 Admission)**
**മലയാളം**
**OPEN ELECTIVE COURSE**
**MAMAL 03O01 : ദളിത് – പരിസ്ഥിതി പഠനം**

Time : 3 Hours　　　　Max. Marks : 80

## PART – A

I. ഏതെങ്കിലും **5** ചോദ്യത്തിന് **ഒന്നരപ്പുറത്തിൽ** കവിയാതെ ഉത്തരമെഴുതുക.

1) ഗഹനപരിസ്ഥിതി വാദം (deep ecology) എന്താണെന്ന് വ്യക്തമാക്കുക.
2) ആദ്യകാല ദളിത് വിമോചന ശ്രമങ്ങളിൽ ജ്യോതിബാ ഫുലെയുടെ സംഭാവനകൾ വിശദീകരിക്കുക.
3) മലയാള കവിതാസാഹിത്യത്തിൽ ദളിത് കാഴ്ചപ്പാട് പ്രധാനമായ രചനകൾ പരിചയപ്പെടുത്തുക.
4) ആധുനികതയിൽ നിന്നും ഉത്തരാധുനിക മലയാള കവിതയിലേക്ക് എത്തുമ്പോൾ മാറുന്ന പാരിസ്ഥിതികാവബോധത്തെപ്പറ്റി കുറിപ്പ് തയ്യാറാക്കുക.
5) കേരളത്തിലെ പാരിസ്ഥിതിക പ്രക്ഷോഭങ്ങളിൽ സൈലന്റ് വാലി സമരത്തിനുള്ള പ്രാധാന്യം എന്തെന്ന് വ്യക്തമാക്കുക.
6) പാരിസ്ഥിക സ്ത്രീവാദം (eco-feminism) എന്ന കാഴ്ചപ്പാട് ഉദാഹരണസഹിതം വിശദീകരിക്കുക. **(5×4=20)**

## PART – B

II. ഏതെങ്കിലും **3** ചോദ്യത്തിന് **മൂന്നു പുറത്തിൽ** കവിയാതെ ഉത്തരമെഴുതുക.

7) വംശനാശഭീഷണി എന്ന പാരിസ്ഥിതിക പ്രശ്നം അവതരിപ്പിക്കുന്ന കഥയെന്ന നിലയിൽ 'നീരാളിയൻ' എന്ന കഥ വിശകലനം ചെയ്യുക.

P.T.O.



8) നേരിട്ട അവഗണനകൾ ജ്ഞാനമർജ്ജിക്കാനുള്ള വാശിയായി മാറുമ്പോഴാണ് വിജയം എന്ന് ബോധ്യപ്പെടുത്തുന്ന രചനയാണ് 'എതിര്'–, പരിശോധിക്കുക.
9) സമകാലിക പാരിസ്ഥിതിക ദുരന്തങ്ങളുടെ അനുഭവത്തിൽ 'ജലം വേട്ടയാടും ദിനം വരും' എന്ന കവിത അപഗ്രഥിക്കുക.
10) ധനമൂലധനം (economic capital) സാംസ്ക്കാരിക മൂലധനം (cultural capital) എന്നിവ ദളിത് കാഴ്ചപ്പാടിൽ നിന്നു കൊണ്ട് പുനഃപരിശോധിക്കുന്ന രചനയെന്ന നിലയിൽ 'ചാരുമാനം' എന്ന കഥയുടെ സാധ്യതകൾ ചർച്ച ചെയ്യുക.
11) പ്രമേയം മാത്രമല്ല, ആഖ്യാനഭാഷയും വീക്ഷണവും ദളിതാവിഷ്ക്കാരങ്ങളുടെ സർഗാത്മക സത്തയാണ്. 'ചാവുതുള്ളൽ' എന്ന കൃതി ആധാരമാക്കി സ്ഥാപിക്കുക. **(3×8=24)**

## PART – C

III. ഏതെങ്കിലും **3** ചോദ്യത്തിന് **അഞ്ചു പുറത്തിൽ** കവിയാതെ ഉത്തരമെഴുതുക.

12) കേരളീയസമൂഹത്തെ നവീകരിക്കുന്നതിൽ ദളിത് മുന്നേറ്റങ്ങളുടെ പങ്കിനെപ്പറ്റി ചരിത്രപരമായി വിശദീകരിക്കുക.
13) പാരിസ്ഥിതികാവബോധം, പാരിസ്ഥിതിക തീവ്രവാദം എന്നീ സങ്കല്പനങ്ങൾ വിമർശനാത്മകമായി പരിശോധിക്കുക.
14) ദളിത്-പാരിസ്ഥിതിക സൗന്ദര്യശാസ്ത്രത്തിന്റെ വെളിച്ചത്തിൽ മലയാള കവിതാ ചരിത്രം പുനഃപരിശോധിക്കുക.
15) പരിസ്ഥിതി സംരക്ഷണത്തിലെ ദളിത് ഉൾക്കാഴ്ചകൾ എന്ന നിലയിൽ 'കണ്ടൽക്കാടുകൾക്കിടയിൽ എന്റെ ജീവിതം' എന്ന രചനയുടെ പ്രാധാന്യം വ്യക്തമാക്കുക.
16) വർത്തമാനകാല ഇന്ത്യൻ സാഹചര്യത്തിൽ അംബേദ്ക്കർ മുന്നോട്ടുവച്ച ആശയങ്ങളുടെ സാധ്യതകൾ അന്വേഷിക്കുക. **(3×12=36)**

---